**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018-2019 – പാലക്കാട് ജില്ല - ഉരുൾപൊട്ടലിന് സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും ആൾക്കാരെ മാറ്റിപ്പാർപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്**

**സ.ഉ. (സാധാ) നം. 2744/2021/റവ. തിരുവനന്തപുരം, തീയതി, 11.08.2021**

==========================================================================

പരാമർശം:- 1. 19.08.2019 തീയതിയിലെ സ.ഉ.(സാധാ) നം.520/2019/ദു.നി.വ.
2. 23.08.2019 തീയതിയിലെ സ.ഉ.(കൈ) നം.25/2019/ദു.നി.വ.
3. 19.12.2019 തീയതിയിലെ സ.ഉ. (കൈ) 38/2019/ദു.നി.വ
4. 03.01.2020 തീയതിയിലെ സ.ഉ. (സാധാ) നം. 25/2020/ഡിഎംഡി
5. 23.03.2021 തീയതിയിലെ സ.ഉ. (സാധാ) നം. 335/2020/ഡിഎംഡി

**ഉത്തരവ്**

സംസ്ഥാന വ്യാപകമായി ധാരാളം ഉരുൾപൊട്ടലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അത്തരം മേഖലകളിൽ നിന്നും മുൻ കരുതൽ എന്ന നിലയിൽ പൊതുജനങ്ങളെ ഒഴിപ്പിച്ച് മാറ്റി പാർപ്പിക്കുന്നതിനായി പ്രസ്തുത മേഖലകൾ കണ്ടെത്താൻ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാന വ്യാപകമായി 49 ടീമുകളെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പാലക്കാട് ജില്ലയിലെ ഉരുൾപൊട്ടൽ ഭീഷണി നിലനിൽക്കുന്ന പ്രദേശമായ മണ്ണാർക്കാട്, ഒറ്റപ്പാലം താലൂക്കുകളിൽ തൃക്കടീരി-2, അലനല്ലൂർ-3, കോട്ടോപ്പാടം വില്ലേജുകളിൽ താമസിച്ചുവരുന്ന:

| ക്രമ നം. | താലൂക്ക് | കുടുംബനാഥൻ/ കുടുംബനാഥയുടെ പേര് |
|---|---|---|
| 1 | ഒറ്റപ്പാലം (തൃക്കടീരി -2 വില്ലേജിലെ ചെമ്പരത്തിമലയുടെ താഴ്വാരത്ത് താമസിക്കുന്ന കുടുംബങ്ങൾ | ശ്രീ. കൃഷ്ണൻ കുട്ടി.പി.പി,<br>S/o. പരിയാനി |
| 2 | | ശ്രീ. അയ്യപ്പൻ,<br>പടിഞ്ഞാറെക്കര പറമ്പിൽ |
| 3 | | ശ്രീമതി. കാളി,<br>പടിഞ്ഞാറെക്കര പറമ്പിൽ |
| 4 | | ശ്രീ. കുറുമ്പൻ<br>S/o. ചാത്തൻകോട്ടയിൽ, |

| | | |
|---|---|---|
| 5 | | ശ്രീ. കണ്ണൻ<br>S/o. നീലൻ,<br>ഓടക്കളം |
| 6 | | ശ്രീ. കൃഷ്ണൻ<br>S/o. നീലൻ,<br>ചെറ്റാലി. ഉപ്പുകുളം |
| 7 | | ശ്രീമതി. ലീല<br>D/o. ചാത്തി<br>ചൊടലപ്പൊട്ടി |
| 8 | | ശ്രീമതി. ഷീജ<br>D/o. കുറുമ്പൻ,<br>കോട്ടയിൽ |
| 9 | | ശ്രീ. രാജേന്ദ്രൻ<br>S/o. ചാത്തൻ,<br>പൊൻപാറയിൽ |
| 10 | | ശ്രീമതി. സുനിത<br>W/o. സുനിൽ,<br>ചൊടലപ്പൊട്ടി |
| 11 | | ശ്രീമതി. ചാത്തി<br>D/o. മാതി |
| 12 | | ശ്രീമതി. സരോജ<br>W/o. രാജു,<br>കോട്ടയിൽ |
| 13 | | ശ്രീ. രാജൻ<br>S/o. ചാത്തൻ,<br>പൊൻപാറയിൽ |
| 14 | | ശ്രീമതി. മാതി<br>W/o. മാതൻ |
| 15 | മണ്ണാർക്കാട് താലൂക്ക് (അലനല്ലൂർ-3 വില്ലേജിൽ ഉൾപ്പെട്ട ഉപ്പുകുളം ഭാഗത്ത് കുന്നിന്റെ ചെരുവിൽ താമസിക്കുന്ന കുടുംബങ്ങൾ) | ശ്രീ. ബാബുരാജ്<br>S/o. മാതൻ,<br>ചൊടലപ്പൊട്ടി |
| 16 | | ശ്രീ. സുനിൽ<br>S/o. മാതൻ,<br>ചൊടലപ്പൊട്ടി |
| 17 | | ശ്രീ. ബാലു<br>S/o. മാതൻ,<br>ചൊടലപ്പൊട്ടി |
| 18 | | ശ്രീ. ബാബു |

| | | |
|---|---|---|
| | | S/o. മാതൻ,<br>ചൊടലപ്പൊട്ടി |
| 19 | | ശ്രീ. മനോജ്<br>S/o. മാതൻ,<br>കൊച്ചുവീട്ടിൽ |
| 20 | | ശ്രീമതി. ബിന്ദു<br>W/o. സുമേഷ്<br>ചൊടലപ്പൊട്ടി |
| 21 | | ശ്രീമതി. സിന്ധു<br>W/o. ഗോപാലൻ, |
| 22 | | ശ്രീ. കുമാരൻ<br>S/o. കറുമ്പൻ,<br>ഓടപ്പള്ളം |
| 23 | | ശ്രീ. കാടൻ<br>S/o. താടിചാത്തൻ |
| 24 | | ശ്രീ. ബാബുരാജ്<br>S/o. വെളുത്ത കുറുമ്പൻ |
| 25 | | ശ്രീ. സുനിൽ<br>S/o. കാടൻ |
| 26 | | ശ്രീ. വിജയൻ<br>S/o. താടിചാത്തൻ |
| 27 | | ശ്രീ. അനിൽ<br>S/o. താടിചാത്തൻ |
| 28 | | ഓമന<br>S/o. താടിചാത്തൻ |
| 29 | മണ്ണാർക്കാട് താലൂക്ക് (കോട്ടോപ്പാടം വില്ലേജിലെ കരടിയോട് പ്രദേശത്ത് മണ്ണിടിച്ചിലിൽ ഉണ്ടായിട്ടുള്ള സ്ഥലത്തിന്റെ ഇടതുഭാഗത്തുള്ള ചെരുവിൽ താമസിക്കുന്ന കുടുംബങ്ങൾ) | വലിയമാതൻ<br>S/o. ചാത്തൻ |
| 30 | | കമാരൻ<br>S/o. ചാത്തൻ |
| 31 | | ശശി<br>S/o. ചാത്തൻ |
| 32 | | ചാത്തൻ<br>S/o. കുളം ചാത്തൻ |
| 33 | | ചെറിയ കുറുമ്പൻ<br>S/o. ചാത്തൻ |

| | | |
|---|---|---|
| 34 | | കുറുമ്പൻ<br>S/o. മാതൻ |
| 35 | | മാതൻ<br>S/o. ചാത്തൻ |
| 36 | | കണ്ണൻ<br>S/o. നീലൻ |
| 37 | | ചന്ദ്രൻ<br>S/o. മാതൻ |
| 38 | | ഓമന<br>D/o. ബാലൻ<br>വട്ടതൊടി |
| 39 | | കല്യാണി<br>W/o. ബാലൻ |
| 40 | | രാജീവ്<br>S/o. ബാലൻ |
| 41 | | രാജൻ<br>S/o. ബാലൻ |

എന്നവർക്ക് പ്രസ്തുത സ്ഥലത്ത് നിന്ന് മാറി സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിലേയ്ക്കായി കുടുംബത്തിന് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കണമെന്ന് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4), (5) പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ (SDRF) നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ (CMDRF)ൽ നിന്നുമായി ഓരോ കുടുംബത്തിനും ആകെ 10,00,000/- രൂപ (പത്ത് ലക്ഷം രൂപ) വീതം അനുവദിക്കുന്നതിന് ദുരന്തനിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ ആവശ്യത്തിനായി പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്, ഒറ്റപ്പാലം താലൂക്കുകളിലേയ്ക്ക് വിതരണം ചെയ്യുന്നതിനായി 41 കുടുംബങ്ങൾക്ക് 9,04,900/- (ഒൻപത് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപ നിരക്കിൽ ( 23.08.2019 തീയതിയിലെ സ.ഉ. (കൈ) 25/2019/ദു.നി.വ പ്രകാരം വീട് നിർമ്മിക്കുന്നതിന് അനുവദിക്കുന്ന 4 ലക്ഷം രൂപയിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും സമതല പ്രദേശങ്ങളിലെ വീടുകൾക്ക് അനുവദിക്കുന്ന 95,100/- രൂപ കിഴിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന 3,04,900/- (മൂന്ന് ലക്ഷത്തി നാലായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപയും സ്ഥലം വാങ്ങുന്നതിനുള്ള 19.02.2019 തീയതിയിലെ സ.ഉ. (കൈ) 38/2019/ദു.നി.വ പ്രകാരം 6 ലക്ഷം രൂപയും ചേർത്ത്) ആകെ 3,71,00,900/- രൂപ (മൂന്ന് കോടി എഴുപത്തിയൊന്ന് ലക്ഷത്തി തൊള്ളായിരം രൂപ മാത്രം) യാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ (CMDRF) നിന്നും അനുവദിക്കേണ്ടത്.

4. ഈ സാഹചര്യത്തിൽ 23.08.2019 തീയതിയലെ സ.ഉ.(കൈ) നം.25/2019/ദു.നി.വ ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലം വാങ്ങുന്നതിനും വീട് വെയ്ക്കുന്നതിനും 41 കുടുംബങ്ങൾക്ക് 9,04,900/- രൂപ നിരക്കിൽ ആകെ 3,71,00,900/- രൂപ (മൂന്ന് കോടി എഴുപത്തിയൊന്ന് ലക്ഷത്തി തൊള്ളായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിതരണത്തിനാവശ്യമായിവരുന്ന 3,71,00,900/- രൂപ (മൂന്ന് കോടി എഴുപത്തിയൊന്ന് ലക്ഷത്തി തൊള്ളായിരം രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും തുക പാലക്കാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാരി രാജൻ**
**സ്പെഷ്യൽ സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**